(ബി) സഹകരണ സംഘങ്ങളുടെ എണ്ണം വർദ്ധിച്ചതനുസരിച്ച് പുതിയ തസ്തികകൾ സൃഷ്ടിക്കാത്തതുമൂലം ജീവനക്കാരുടെ ജോലിഭാരം വർദ്ധിച്ചതും ആയത് കാര്യക്ഷമതയെ ബാധിച്ചിട്ടുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(സി) സംഘങ്ങളുടെ വർദ്ധനയനുസരിച്ച് സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കാൻ നടപടി സ്വീകരിക്കുമോ?

ഈ വിഷയം പരിശോധിക്കുന്നതാണ്.

നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രണത്തിന് പദ്ധതി

254 (1984) ശ്രീ. മഞ്ഞളാംകുഴി അലി:

ശ്രീ. പി . ഉബൈദുള്ള:

ശ്രീ. ടി. വി. ഇബ്രാഹിം:

ശ്രീ. യു. എ. ലത്തീഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനായി സഹകരണ മേഖല വഴി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

&

(ബി) എങ്കിൽ വിശദാംശം അറിയിക്കുമോ?

നഗര/അർദ്ധ നഗരമേഖലകളിൽ കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്ന ത്രിവേണി സ്റ്റോറുകളിലൂടെയും സർക്കാർ പദ്ധതിയുടെ ഭാഗമായി ഗ്രാമ പ്രദേശത്തുൾപ്പെടെ പ്രാഥമിക സംഘങ്ങളുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന നീതി സ്റ്റോറുകളിലൂടെയും വർഷത്തിൽ എല്ലാ ദിവസവും പൊതു മാർക്കറ്റിനേക്കാൾ വില കുറച്ച് നിത്യോപയോഗ സാധനങ്ങൾ വിൽപന നടത്തിവരുന്നു. ഇതിനു വേണ്ടി ഇടനിലക്കാരെ ഒഴിവാക്കി ഇ-ടെണ്ടർ മുഖേന പരമാവധി വിലകുറച്ച് സാധനങ്ങൾ വാങ്ങി ലാഭവും നഷ്ടവും ഇല്ലാത്ത രീതിയിൽ ചില്ലറ വിൽപ്പന വില നിശ്ചയിച്ച് സ്റ്റോറുകളിൽ എത്തിച്ചു നൽകുന്നുണ്ട്. ഉത്സവകാലങ്ങളിൽ ഉണ്ടാകുന്ന ക്രമാതീതമായ വിലക്കയറ്റം നിയന്ത്രിക്കുന്നതിനുവേണ്ടി സഹകരണ വകുപ്പിന്റെ ധനസഹായത്തോടുകൂടി പ്രാഥമിക സഹകരണ സംഘങ്ങളെ ഏകോപിപ്പിച്ച് 13 ഇനം നിത്യോപയോഗ സാധനങ്ങൾ നിയന്ത്രിത അളവിൽ സബ്സിഡിയോടുകൂടി താല്കാലികമായി സഹകരണ വിപണികൾ ആരംഭിച്ച് വിൽപന നടത്തിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly